ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള പ്രവർത്തന ഫലമായി എന്തെല്ലാം ആസ്തികളാണ് സൃഷ്ടിക്കപ്പെടുന്നത്;

(ബി) ഈ ആസ്തികളിൽ നിന്ന് ആനുപാതികമായ റിട്ടേൺസ് ലഭിക്കുന്നുണ്ടോ;

(സി) എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണത്തിന്റെ പ്രവർത്തന ഫലമായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ പ്രാദേശികതലത്തിലുള്ള സമ്പദ് വ്യവസ്ഥയെ ഏതുവിധത്തിൽ സ്വാധീനിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1997-98, 1998-99 വാർഷിക പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണത്തിലൂടെ ആർജ്ജിച്ച പ്രധാന ആസ്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ആർജിക്കപ്പെട്ട ആസ്തികളിൽ നിന്നും ആനുപാതികമായ വരുമാനം ലഭിക്കുന്നുണ്ട്.

(സി) എത്രയെന്ന് കണക്കാക്കിയിട്ടില്ല.

(ഡി) സാധാരണ ജനങ്ങളുടെ പ്രാഥമിക ആവശ്യമായ വീട്, കുടിവെള്ളം, ശുചിത്വമുള്ള കക്കൂസ്, സഞ്ചരിക്കുന്നതിനുള്ള റോഡ് എന്നിവ ഒരു പരിധി വരെ പരിഹരിക്കുന്നതിനും നിലവിലുള്ള തൊഴിൽ മെച്ചപ്പെടുത്തുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

5 (1597) കാവേരി നദീജല തർക്കം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല തർക്കത്തിന് പരിഹാരം കാണാനുള്ള കാവേരി റിവർ വാട്ടർ അതോറിറ്റിയുടെ യോഗം ഏറ്റവുമൊടുവിൽ എന്നാണ് ചേർന്നതെന്നും ഈ യോഗത്തിൽ ജലപ്രശ്നം സംബന്ധിച്ച് സംസ്ഥാനം എന്ത് നിലപാട് സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ബി) കാവേരി ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പ്രാവർത്തികമാക്കുന്നതുമൂലം ഉളവാക്കിയിട്ടുള്ള പ്രതിസന്ധിയെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന Z. ഹസ്സന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാവേരി നദീജലം ഉപയോഗിച്ച് ഏതൊക്കെ ജലസേചന, ജല വൈദ്യുത പദ്ധതികളാണ് കേന്ദ്രാനുമതിക്ക് സംസ്ഥാനം സമർപ്പിച്ചിട്ടുള്ളത്;

(ഡി) ഇവയ്ക്ക് എന്നത്തേയ്ക്ക് അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാവേരി നദീജലതർക്കം പരിഹരിക്കുന്നതിന് രൂപീകരിച്ച കാവേരി റിവർ അതോറിറ്റിയുടെ യോഗം ഏറ്റവുമൊടുവിൽ 28.10.99-ന് പ്രധാമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ന്യൂ ഡൽഹിയിൽ ചേരുകയുണ്ടായി. കാവേരി നദീജലത്തിൽ കേരളത്തിന് ന്യായമായി ലഭിക്കേണ്ട വിഹിതം കാവേരി റിവർ അതോറിറ്റി പരിഗണിക്കണമെന്ന് പ്രസ്തുത യോഗത്തിൽ കേരള സംസ്ഥാനം ആവശ്യപ്പെട്ടു.

(ബി) ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ ഉപയോക്താക്കൾ കർണ്ണാടകവും തമിഴ്നാടും പോണ്ടിച്ചേരിയുമാണ്. പ്രസ്തുത ഉത്തരവ് കേരളത്തിന് ബാധകമല്ല. എന്നാൽ ശ്രീ. Z. ഹസ്സന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിയുടെ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.

(സി) നൂൽപ്പുഴ, തിരുനെല്ലി, മച്ചാട്. തോണ്ടാർ, അട്ടപ്പാടി, കാരാപ്പുഴ എന്നീ ജലസേചനപദ്ധതികളും ബാണാസുരസാഗർ, മാനന്തവാടി, കേരള ഭവാനി എന്നീ വിവിധോദ്ദേശ പദ്ധതികളുമാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്.

(ഡി) കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതിൽ കാരാപ്പുഴ പദ്ധതിക്കുമാത്രമേ അനുമതി ലഭിച്ചിട്ടുള്ളൂ. കാവേരി നദീജലതർക്കം ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്നതിനാൽ ബാക്കി പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധിക്കനുസൃതമായി വെയ്ക്കും കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6 (1598) മന്ത്രിമാരുടെ ടെലിഫോൺ ചാർജ്ജ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മന്ത്രിമാരുടെ ഓഫീസുകളിലെ ടെലിഫോൺ എക്സ്ചേഞ്ചിനുവേണ്ടി മാത്രം ഇതുവരെ എന്തു തുക ചെലവ് വന്നിട്ടുണ്ട്?

ഉത്തരം

(എ) മുഖ്യമന്ത്രി, വനം, ഗതാഗതം, ദേവസ്വം വകുപ്പുമന്ത്രി, ധനകാര്യം, എക്സൈസ് വകുപ്പുമന്ത്രി, വിദ്യുച്ഛക്തി, സഹകരണവകുപ്പുമന്ത്രി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവരുടെ ഓഫീസുകളിൽ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1,31,900/ രൂപ (ഒരു ലക്ഷത്തിമുപ്പത്തിഒന്നായിരത്തി തൊള്ളായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly